| പതിനാലാം കേരള നിയമസഭ | | |
|---|---|---|
| രണ്ടാം സമ്മേളനം | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2917 | | 17.10.2016 -ൽ മറുപടിയ്ക്ക് |
| കുട്ടികളുടെ അവകാശ സംരക്ഷണ പദ്ധതി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.പി.എസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (ബി) | ഐ.സി.പി.എസ് പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന തലത്തിൽ നിന്ന് ജില്ലാതലത്തിലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിന് ഐ.സി.പി.എസ് മാർഗനിർദ്ദേശക രേഖ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ഐ.സിപി.എസ് പദ്ധതി നടപ്പിലാക്കുന്നതിനായി ശരാശരി 55:45 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭിക്കുന്നത്. ലഭ്യമാകുന്ന കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ദേശസാൽകൃത ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതും പ്രസ്തുത തുകയിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വിനിയോഗിക്കേണ്ടതുമാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. |
| (സി) | ഐ.സി.പി.എസ്. പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധി പാലിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ നിന്നും ജില്ലാ തലത്തിലേക്ക് ഐ.സി.പി.എസ് പദ്ധതി തുക കൈമാറ്റം ചെയ്യുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) കഴിഞ്ഞ സാമ്പത്തിക വർഷംവരെ എസ്.സി.പി.എസ് ന്റെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ TSB അക്കൗണ്ടിലേയ്ക്ക് ചെക്ക് മുഖേന തുക അനുവദിച്ചു വരികയായിരുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷം (2016-17) സംസ്ഥാന സർക്കാർ BAMS (Budget Allocation and Management System) നടപ്പിലാക്കുകയും സാമൂഹ്യനീതി വകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ സബോർഡിനേറ്റ് കൺട്രോളിംങ് ഓഫീസർമാരായി നിയമിക്കുകയും |

| | | |
|---|---|---|
| | | ചെയ്ത സാഹചര്യത്തിൽ തുക ഐ.സി.പി.എസ് ന്റെ ശീർഷകമായ 2235-02-102-61(P) ൽ നിന്നും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അലോട്ട്മെന്റായി അനുവദിക്കുകയും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ